## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3921 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**പ്ലാസ്റ്റിക് ബോധവത്ക്കരണ പരിപാടികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.സ്വരാജ്<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീമതി.യു.പ്രതിഭ ഹരി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമോയെന്നു വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016-ലെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ലെ 576/ഡിസി1/16/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ മുഖേന തുണി, പേപ്പർ എന്നിവയിൽ ബാഗുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോയെന്നു വ്യക്തമാക്കാമോ; | (ബി) | പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി തുണി, പേപ്പർ തുടങ്ങിയ പ്രകൃതിസൗഹൃദ വസ്തുക്കളുപയോഗിച്ച് വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | പ്രസ്തുത ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പ്ലാസ്റ്റിക് മാലിന്യം പരിമിതപ്പെടുത്തുന്നതിനായി Reduce-Reuse-Recycle സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാദ്ധ്യമങ്ങളിലൂടെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പ്രകൃതിസൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനായും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിച്ച് വരുന്നുണ്ട്. സർക്കാർ ആഭിമുഖ്യത്തിൽ നടത്തുന്ന കലോത്സവങ്ങളിലും മേളകളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനുമുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ